മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733512

2023 ഫെബ്രുവരി 1

# വാർത്താക്കുറിപ്പ്

## ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ്

മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറുടെ ഔദ്യോഗിക വാഹനത്തിൻറെ ഡ്രൈവർ (ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ് ) ഒഴിവിലേക്ക് താൽകാലിക നിയമനം നടത്തുന്നു. പ്രതിമാസം 25,000 രൂപ കസോളിഡേറ്റഡ് വേതനത്തിൽ 179 ദിവസത്തേക്കാണ് നിയമനം.

ഏഴാം ക്ലാസ് വിജയമാണ് അടിസ്ഥാന യോഗ്യത. ബാഡ്ജോടു കൂടിയ ലൈറ്റ്, ഹെവി ഡ്രൈവിംഗ് ലൈസൻസ് (കുറഞ്ഞത് മൂന്നു വർഷമെങ്കിലും പൂർത്തിയായ ഹെവി ലൈസൻസ്) ഉണ്ടായിരിക്കണം.

പ്രായപരിധി 18 മുതൽ 36 വരെ (നിയമാനുസൃത ഇളവ് ബാധകം).

യോഗ്യരായവർ അസ്സൽ രേഖകളുമായി ഫെബ്രുവരി ഏഴിനു രാവിലെ 10.30 ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ(എഡി.എ 4) സെക്ഷനിൽ എത്തണം.

(പി.ആർ.ഒ./39/129/2023)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ് (2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/130/2023)

പബ്ലിക് റിലേഷൻസ് ഓഫീസർ